# മനന ശക്തിയും മഗ്ന സ്ഥിതിയും

ഇന്ന് ഡബിള്‍ കിരീടധാരിയും, ഡബിള്‍ രാജ്യ അധികാരിയുമാക്കുന്ന ബാബ വിശേഷിച്ചും തന്റെ ഡബിള്‍ വിദേശി കുട്ടികളെ മിലനം ചെയ്യാന്‍ വേണ്ടി വന്നിരിക്കുന്നു. ബാപ്ദാദ കണ്ടു കൊണ്ടിരിക്കുകയായിരുന്നു- നാല് ഭാഗത്തുമുള്ള ഡബിള്‍ വിദേശി സ്നേഹി, സഹയോഗി, സദാ സേവനത്തിന്റെ ഉണര്‍വ്വിലും ഉത്സാഹത്തിലൂടെ സ്നേഹത്തിലും സേവനത്തിലും രണ്ടിലും മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. എനിക്ക് ബാപ്ദാദയുടെ പ്രത്യക്ഷതയുടെ കൊടി പാറിപ്പിക്കണം എന്ന ഉത്സഹം ഓരോരുത്തരുടെയും മനസ്സിലുണ്ട്. ഓരോ ദിനവും ഉത്സാഹം കാരണം, സംഗമയുഗത്തെ ഉത്സവമായി അനുഭവിച്ച് പറന്നു കൊണ്ടിരിക്കുന്നു കാരണം സദാ ഉത്സാഹമുള്ളയിടത്ത്, ബാപ്ദാദായുടെ ഓര്‍മ്മയിലൂടെ മിലനം ആഘോഷിക്കുന്നതിന്റെ, അല്ലെങ്കില്‍ സേവനത്തിലൂടെ പ്രത്യക്ഷ ഫലം പ്രാപ്തമാകുന്നതിന്റെ അനുഭവത്തിന്റെ ഉത്സാഹത്തില്‍- രണ്ട് ഉത്സാഹവും ഓരോ നിമിഷം, ഓരോ ദിനം ഉത്സവത്തിന്റെ അനുഭവം ചെയ്യിക്കുന്നു. ലോകത്തിലെ മനുഷ്യര്‍ വിശേഷിച്ചും ഉത്സവത്തിന്റെ ദിനത്തില്‍ ഉത്സാഹം അനുഭവിക്കുന്നു എന്നാല്‍ ബ്രാഹ്മണ ആത്മാക്കള്‍ക്ക് സംഗമയുഗം തന്നെ ഉത്സാഹത്തിന്റെ യുഗമാണ്. ഓരോ ദിനം പുതിയ ഉത്സാഹം, ഉണര്‍വ്വും ഉത്സാഹവും സ്വതവേ തന്നെ അനുഭവപ്പെടുന്നു അതിനാല്‍ സംഗമയുഗത്തിലെ ഓരോ ദിനവും സന്തോഷത്തിന്റെ മരുന്ന് കഴിച്ച്, ബാബയിലൂടെ അനേക പ്രാപ്തികളുടെ മഹിമ പാടി ഡബിള്‍ ലൈറ്റായി സദാ ഉത്സാഹത്തില്‍ നൃത്തം ചെയ്തു കൊണ്ടിരിക്കുന്നു. ഉത്സവത്തിന് എന്താണ് ചെയ്യുന്നത്? കഴിക്കുന്നു, പാടുന്നു, നൃത്തം ചെയ്യുന്നു. ഇപ്പോള്‍ വിദേശത്തില്‍ വിശേഷിച്ച് ക്രിസ്തുമസ്സ് ആഘോഷത്തിനുള്ള തയ്യാറെടുപ്പുകള്‍ ചെയ്തു കൊണ്ടിരിക്കുന്നു. കഴിക്കുക, പാടുക, നൃത്തം ചെയ്യുക- ഇതല്ലേ ചെയ്യുന്നത്, മിലനവും ആഘോഷിക്കുന്നു. നിങ്ങള്‍ ഓരോ ദിവസവും എന്ത് ചെയ്യുന്നു? അമൃതവേള മുതല്‍ രാത്രി വരെ ഇതേ കാര്യമല്ലേ ചെയ്യുന്നത്. സേവനവും ചെയ്യുന്നു, സേവനം അര്‍ത്ഥം ജ്ഞാന നൃത്തം ചെയ്യുന്നു. ബാപ്ദാദയുടെ ഗുണങ്ങളുടെ ഗീതം ആത്മാക്കളെ കേള്‍പ്പിക്കുന്നു. അതിനാല്‍ ദിവസവും ഉത്സവം ആഘോഷിക്കുകയല്ലേ. സത്യമായ ബ്രാഹ്മണരായി നിങ്ങള്‍ ഈ കാര്യം ചെയ്യാത്ത ഒരു ദിവസം പോലുമില്ലല്ലോ. സംഗമയുഗത്തിലെ ഓരോ ദിനം ഉത്സാഹം നിറഞ്ഞ ഉത്സവത്തിന്റെ ദിനമാണ്. അവര്‍ ഒന്നോ രണ്ടോ ദിനമാണ് ആഘോഷിക്കുന്നത്. എന്നാല്‍ ബാപ്ദാദ സര്‍വ്വ ബ്രാഹ്മണകുട്ടികളെയും ഇത്രയും ശ്രേഷ്ഠമാക്കുന്നു, ഗോള്‍ഡന്‍ ഗിഫ്റ്റ് നല്കുന്നു, ഇതിലൂടെ അവര്‍ സദാ സമ്പന്നവും, സദാ നിറഞ്ഞവരുമായി മാറുന്നു. അവര്‍ ക്രിസ്തുമസ്സ് ദിനം കാത്തിരിക്കുന്നു- ക്രിസ്തുമസ്സ് ഫാദര്‍ വന്ന് ഇന്ന് ഗിഫ്റ്റ് നല്കുമല്ലോ.... അവര്‍ ക്രിസ്തുമസ്സ് ഫാദറിനെ ഓര്‍മ്മിക്കുന്നു, നിങ്ങള്‍ കിസ്മിസ്സിനെ പോലെ മധുരമുള്ളതാക്കി മാറ്റുന്ന ബാബയെ ഓര്‍മ്മിക്കുന്നു. അത്രയും ഗിഫ്റ്റ് ലഭിക്കുന്നു- 21 ജന്മം ഈ ഗിഫ്റ്റ് നിലനില്‍ക്കുന്നു. ആ വിനാശി ഗിഫ്റ്റ് കുറച്ച് സമയത്തിന് ശേഷം സമാപ്തമാകുന്നു, ഈ അവിനാശി ഗിഫ്റ്റ് അനേക ജന്മം നിങ്ങളുടെ കൂടെയുണ്ടായിരിക്കും. അവര്‍ ക്രിസ്തമസ്സ് ട്രീ അലങ്കരിക്കുന്നു. ബാപ്ദാദ ഈ പരിധിയില്ലാത്ത വിശ്വമാകുന്ന വൃക്ഷത്തില്‍ നിങ്ങള്‍ തിളങ്ങുന്ന നക്ഷത്രങ്ങളെ, സംഗമയുഗീ ശ്രേഷ്ഠമായ ഭൂമിയിലെ നക്ഷത്രങ്ങളെ അവിനാശി ലൈറ്റ്-മൈറ്റ് സ്വരൂപത്തില്‍ സ്ഥിതി ചെയ്യുന്നതിന്റെ അനുഭവം ചെയ്യിക്കുന്നു. അവരും നക്ഷത്രത്തെ അംഗീകരിക്കുന്നു, നക്ഷത്രത്തെ അലങ്കരിക്കുന്നു. നിങ്ങള്‍ നക്ഷത്രങ്ങളുടെ സ്മരണയായി സ്ഥൂലമായ തിളങ്ങുന്ന ലൈറ്റിന്റെ രൂപത്തില്‍ കാണിക്കുന്നു അഥവാ ലൈറ്റ് കൊണ്ട് അലങ്കരിക്കുന്നു, പൂക്കള്‍ കൊണ്ട് അലങ്കരിക്കുന്നു, ഇത് ആരുടെ സ്മരണയാണ്? ആത്മീയ സുഗന്ധമുള്ള പുഷ്പങ്ങളുടെ- ബ്രാഹ്മണാത്മാക്കളുടെ. ഈ ഉത്സവമെല്ലാം നിങ്ങള്‍ സംഗമയുഗീ ബ്രാഹ്മണരുടെ ഉത്സാഹം നിറഞ്ഞ ഉത്സവങ്ങളുടെ സ്മരണയാണ്. സംഗമയുഗത്തില്‍ കല്പവൃക്ഷത്തിലെ തിളങ്ങുന്ന നക്ഷത്രങ്ങള്‍, ആത്മീയ റോസാപൂക്കള്‍ നിങ്ങള്‍ ബ്രാഹ്മണാത്രമാക്കളാണ്. തന്റെ തന്നെ സ്മരണ സ്വയം കണ്ടു കൊണ്ടിരിക്കുന്നു. അവിനാശി ബാബയിലൂടെ അവിനാശി രത്നമായി മാറുന്നു, അതിനാല്‍ അന്തിമ ജന്മം വരെ തന്റെ സ്മരണ കണ്ടു കൊണ്ടിരിക്കുന്നു. ഡബിള്‍ രൂപത്തിന്റെ സ്മരണ കണ്ടു കൊണ്ടിരിക്കുന്നു. സംഗമയുഗത്തിലെ രൂപത്തിന്റെ സ്മരണ വ്യത്യസ്ഥമായ രൂപത്തിലൂടെ, രീതിയിലൂടെ കാണിക്കുന്നുണ്ട്, രണ്ടാമത് ഭാവിയിലെ ദേവതാ പദവിയുടെ സ്മരണ കണ്ടു കൊണ്ടിരിക്കുന്നു. തന്റെ രൂപത്തിന്റെ സ്മരണ മാത്രമല്ല കാണുന്നത് എന്നാല്‍ നിങ്ങള്‍ ശ്രേഷ്ഠ ആത്മാക്കളുടെ ശ്രേഷ്ഠ കര്‍മ്മത്തിന്റെയും സ്മരണയുണ്ട്. ബാബയുടെയും കുട്ടികളുടെയും ചരിത്രത്തിന്റെയും സ്മരണയുണ്ട്. അതിനാല്‍ തന്റെ സ്മരണ കണ്ട് സഹജമായി ഓര്‍മ്മ വരുന്നില്ലേ- ഓരോ കല്പം നമ്മള്‍ അങ്ങനെയുള്ള വിശേഷ ആത്മാക്കളായി മാറുന്നു. ആയിരുന്നു, ആണ്, ഇനിയും ആയിക്കൊണ്ടിരിക്കും.

ബാപ്ദാദ അങ്ങനെ സദാ ഓര്‍മ്മയിലിരിക്കുന്ന, സദാ ഇപ്പോഴും സ്മരണയ്ക്കു യോഗ്യരായ കുട്ടികളെ

കണ്ട് ഹർഷിതമായിക്കൊണ്ടിരിക്കുന്നു. ഓർമ്മയിലിരിക്കുന്നവരുടെ സ്മരണയാണിത്. ഓർമ്മയുടെ മഹത്വമാണ് സ്മരണയായി കണ്ടു കൊണ്ടിരിക്കുന്നത്. അതിനാൽ ഡബിൾ വിദേശി കുട്ടികൾ തന്റെ സ്മരണ കണ്ട് സന്തോഷിക്കുന്നില്ലേ. ബാപ്ദാദായ്ക്ക് ഡബിൾ വിദേശി കുട്ടികളെ കാണുമ്പോൾ സന്തോഷമുണ്ടാകുന്നു, എന്ത് കൊണ്ട്? ഒന്ന് ഓരോ കോണിലുമുള്ള കല്പം മുമ്പത്തെ കാണാതെ പോയ കുട്ടികളെ വീണ്ടും തിരിച്ചു കിട്ടി. കളഞ്ഞു പോയത് തിരികെ ലഭിക്കുമ്പോൾ സന്തോഷമുണ്ടാകുന്നില്ലേ. ബാബ സർവ്വ കുട്ടികളെയും കണ്ട് സന്തോഷിക്കുന്നു, ഭാരതവാസികളായിക്കോട്ടെ, വിദേശികളായിക്കോട്ടെ. രണ്ടാമത്തെ കാര്യം ഡബിൾ വിദേശി കുട്ടികളുടെ വ്യത്യസ്ഥമായ ധർമ്മം, രീതി സമ്പ്രദായം ഈ മൂടുപടത്തിനുള്ളിൽ മറഞ്ഞിട്ടും, ഇതിനെയെല്ലാം സഹജമായി സമാപ്തമാക്കി ബാബയുടേതായി മാറി. ഈ കർട്ടൺ(മൂടുപടം) മാറ്റിയത് തന്നെ വിശേഷതയാണ്. കർട്ടൺന്റെ ഉള്ളിൽ നിന്ന് പോലും ബാബയെ മനസ്സിലാക്കുന്നതിന്റെ വിശേഷത ഡബിൾ വിദേശികൾക്കുണ്ട്. അതിനാൽ ഡബിൾ സന്തോഷമുണ്ടല്ലോ. ഡബിൾ വിദേശി കുട്ടകളുടെ നിശ്ചയവും ലഹരിയും അലൗകീകമാണ്. ബാപ്ദാദ ഇന്ന് നാല് ഭാഗത്തുമുള്ള ഡബിൾ വിദേശി കുട്ടികളെ, വിശേഷിച്ചും സദാ ഉത്സാഹത്തിലിരിക്കുന്ന, ഓരോ ദിനവും ഉത്സവമായി ആഘോഷിക്കുന്ന, ഓരോ ദിനം വരദാതാവായ ബാബയിലൂടെ വിശേഷ വരദാനം അഥവ വിശേഷ ആശീർവാദം പ്രാപ്തമാക്കുന്നതിന്റെ ഡയമണ്ഡ് ഗിഫ്റ്റ് വിശാല ഹൃദയത്തോടെ ഈ ദിനത്തിൽ നല്കി കൊണ്ടിരിക്കുന്നു. സദാ ഉത്സാഹം നിറഞ്ഞ ജീവിതമുള്ളവരായി ഭവിക്കട്ടെ, സദാ സഹജമായി പറക്കുന്ന കലയുടെ അനുഭവി ശ്രേഷ്ഠ ജീവിതമുള്ളവരായി ഭവിക്കട്ടെ. ശരി.

ഇന്ന് ബാപ്ദാദ വതനത്തിൽ മൂന്ന് പ്രകാരത്തിലുള്ള കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. മൂന്ന് പ്രകാരം ഏതൊക്കെയാണ് കണ്ടത്. 1) വർണ്ണിക്കുന്നവർ 2) മനനം ചെയ്യുന്നവർ 3) അനുഭവത്തിൽ മുഴുകിയിരിക്കുന്നവർ. ഈ മൂന്ന് പ്രകാരത്തിലെ കുട്ടികൾ ദേശ വിദേശത്തിലെ സർവ്വ കുട്ടികളിലും കണ്ടു. വർണ്ണിക്കുന്ന അനേകം ബ്രാഹ്മണരെ കണ്ടു, മനനം ചെയ്യുന്നവരെ ഇടയ്ക്കുള്ള സംഖ്യയിൽ കണ്ടു, അനുഭവത്തിൽ മുഴുകിയിരിക്കുന്നവർ അതിലും കുറഞ്ഞ സംഖ്യയിൽ കണ്ടു. വർണ്ണിക്കുക അതി സഹജമാണ്, കാരണം 63 ജന്മങ്ങളുടെ സംസ്ക്കാരമാണ്. ഒന്ന് കേൾക്കുക, രണ്ട് കേട്ടതിനെ വർണ്ണിക്കുക– ഇതാണ് ചെയ്ത് വന്നത്. ഭക്തി മാർഗ്ഗം എന്ന് പറയുന്നത് തന്നെ കേൾക്കുക അഥവാ കീർത്തനങ്ങളിലൂടെ, പ്രാർത്ഥനയിലൂടെ വർണ്ണിക്കുക. അതോടൊപ്പം ദേഹാഭിമാനത്തിൽ വരുന്നത് കാരണം വ്യർത്ഥം സംസാരിക്കുക– ഈ സംസ്ക്കാരം പക്കാ ആയിട്ടുണ്ട്. വ്യർത്ഥമായ വാക്കുകളുള്ളയിടത്ത് സ്വതവേ വിസ്താരം ഉണ്ടായിരിക്കും. സ്വചിന്തനം അന്തർമുഖിയാക്കുന്നു, പരചിന്തനം വർണ്ണിക്കുന്നതിന് പകരം വിസ്താരത്തിൽ കൊണ്ടു വരുന്നു. അതിനാൽ വർണ്ണിക്കുന്നതിന്റെ സംസ്ക്കാരം അനേക ജന്മങ്ങളിലായി ഉള്ളത് കാരണം, ബ്രാഹ്മണ ജീവിതത്തിലും അജ്ഞാനത്തിൽ നിന്നും ജ്ഞാനത്തിലേക്ക് വരുന്നുണ്ട്. ജ്ഞാനത്തെ വർണ്ണിക്കുന്നതിൽ പെട്ടെന്ന് തന്നെ സമർത്ഥരായി മാറുന്നു. വർണ്ണിക്കുന്നവർ വർണ്ണിക്കുന്ന സമയത്ത് വരെ മാത്രം സന്തോഷം അഥവാ ശക്തി അനുഭവിക്കുന്നു എന്നാൽ സദാകാലത്തേക്കില്ല. വായിലൂടെ ജ്ഞാന ദാതാവിനെ വർണ്ണിക്കുന്നതിനാൽ ശക്തിയും സന്തോഷവും– ജ്ഞാനത്തിന്റെ ഈ പ്രത്യക്ഷ ഫലം പ്രാപ്തമാകുന്നു എന്നാൽ ശക്തിശാലി സ്വരൂപം, സദാ സന്തോഷത്തിന്റെ സ്വരൂപമാകാൻ സാധിക്കുന്നില്ല. എന്നാലും ജ്ഞാനം രത്നമാണ്, ഡയറക്ട് ഭഗവാന്റെ വാക്കുകളാണ്, അതിനാൽ യഥാശക്തി പ്രാപ്തി സ്വരൂപമായി മാറുന്നു.

മനനം ചെയ്യുന്നവർ സദാ എന്ത് കേൾക്കുന്നുവൊ അതിനെ മനനം ചെയ്ത് സ്വയം ജ്ഞാനത്തിന്റെ ഓരോ പോയിന്റിന്റെ സ്വരൂപമായി മാറുന്നു. മനന ശക്തിയുള്ളവർ ഗുണ സ്വരൂപം, ശക്തി സ്വരൂപം, ജ്ഞാന സ്വരൂപം, ഓർമ്മയുടെ സ്വരൂപം സ്വതവേയായി മാറുന്നു. കാരണം മനനം ചെയ്യുക അർത്ഥം ബുദ്ധിയിലൂടെ ജ്ഞാനത്തിന്റെ ഭോജനത്തെ ദഹിപ്പിക്കുക. സ്ഥൂലമായ ഭോജനം ദഹിക്കാതെ വന്നാൽ ശക്തിയായി മാറില്ല, കേവലം നാവിലെ സ്വാദായി അവശേഷിക്കുന്നു. അതേപോലെ വർണ്ണിക്കുന്നവരിലും ജ്ഞാനം കേവലം മുഖത്തിലെ വർണ്ണിക്കൽ മാത്രമായി തീരുന്നു. എന്നാൽ അവർ ബുദ്ധിയിലൂടെ മനന ശക്തിയിലൂടെ ധാരണ ചെയ്ത് ശക്തിശാലിയായി മാറുന്നു. മനന ശക്തിയുള്ളവർ സർവ്വ കാര്യങ്ങളിലും ശക്തിശാലി ആത്മാവായി മാറുന്നു. മനനശക്തിയുള്ളവർ സദാ സ്വചിന്തനത്തിൽ ബിസിയായിരിക്കുന്നത് കാരണം മായയുടെ അനേക വിഘ്നങ്ങളിൽ നിന്നും സഹജമായി മുക്തമാകുന്നു കാരണം ബുദ്ധി ബിസിയാണ്. അതിനാൽ ബിസിയായിരിക്കുന്നത് കണ്ട് മായയും അകന്നു പോകുന്നു. രണ്ടാമത്തെ കാര്യം– മനനം ചെയ്യുന്നതിലൂടെ ശക്തിശാലിയാകുന്നത് കാരണം സ്വസ്ഥിതി ഒരു പരിതസ്ഥിതിയിലും പരാജയപ്പെടുത്തില്ല. അതിനാൽ മനന ശക്തിയുള്ളവർ അന്തർമുഖി സദാ സുഖിയായിട്ടിരിക്കുന്നു. സമയത്തിനനുസരിച്ച് ശക്തികളെ കാര്യത്തിൽ ഉപയോഗിക്കുന്നതിന്റെ ശക്തിയുള്ളതിനാൽ, എവിടെയാണൊ ശക്തിയുള്ളത് അവിടെ മായയിൽ നിന്നും മുക്തിയുണ്ട്. അപ്പോൾ അങ്ങനെയുള്ള കുട്ടികൾ വിജയി

ആത്മാക്കളുടെ ലിസ്റ്റിൽ വരുന്നു.

മൂന്നാമത്തെ കുട്ടികളാണ്- സദാ സർവ്വ അനുഭവങ്ങളിൽ മുഴുകിയിരിക്കുന്നവർ. മനനം ചെയ്യുക ഇത് രണ്ടാമത്തെ സ്റ്റേജാണ് എന്നാൽ മനനം ചെയ്ത് കൊണ്ടും മുഴുകിയിരിക്കുക- ഇത് ഫസ്റ്റ് സ്റ്റേജാണ്. മുഴുകിയിരിക്കുന്നവർ സ്വതവേ തന്നെ വിഘ്ന-വിനാശകരായി സഹയോഗിയായി മാറുന്നു. അനുഭവം ഏറ്റവും വലിയ അധികാരമാണ്. അനുഭവത്തിന്റെ അധികാരത്തിലൂടെ ബാബയ്ക്ക് സമാനം മാസ്റ്റർ സർവ്വശക്തിവാന്റെ സ്ഥിതിയുടെ അനുഭവം ചെയ്യുന്നു. മുഴുകിയിരിക്കുന്ന അവസ്ഥയുള്ളവർ തന്റെ അനുഭവത്തിന്റെ ആധാരത്തിലൂടെ മറ്റുള്ളവരെയും നിർവിഘ്നമാക്കുന്നതിന് ഉദാഹരണമായി മാറുന്നു കാരണം ശക്തിഹീനരായ ആത്മാക്കൾ അവരുടെ അനുഭവത്തെ കണ്ട് സ്വയവും ധൈര്യം വയ്ക്കുന്നു, ഉത്സാഹത്തിൽ വരുന്നു- എനിക്കും ഇങ്ങനെയാകാൻ സാധിക്കും. മുഴുകിയിരിക്കുന്ന ആത്മാക്കൾ ബാബയ്ക്ക് സമാനമായത് കാരണം സ്വതവേ പരിധിയില്ലാത്ത വൈരാഗ്യവൃത്തിയുള്ളവർ, പരിധിയില്ലാത്ത സേവാധാരി, പരിധിയില്ലാത്ത പ്രാപ്തിയുടെ ലഹരിയിലിരിക്കുന്നവരായി സഹജമായി മാറുന്നു. മുഴുകിയിരിക്കുന്ന ആത്മാക്കൾ സദാ കർമ്മാതീതം അർത്ഥം കർമ്മ ബന്ധനത്തിൽ നിന്നും വേറിട്ട് സദാ ബാബയ്ക്ക് പ്രിയപ്പെട്ടവരായിരിക്കുന്നു. മുഴുകിയിരിക്കുന്ന ആത്മാവ് സദാ തൃപ്ത ആത്മാവ്, സന്തുഷ്ട ആത്മാവ്, സമ്പന്നമായ ആത്മാവ്, സമ്പൂർണ്ണതയുടെ അതി സമീപത്തെത്തിയ ആത്മാവാണ്. സദാ അനുഭവത്തിന്റെ അധികാരിയായതിനാൽ സഹജയോഗി, സ്വതവേ യോഗി, അങ്ങനെയുള്ള ശ്രേഷ്ഠ ജീവിതം, നിർമ്മോഹിയും പ്രിയപ്പെട്ടതുമായ ജീവിതത്തിന്റെ അനുഭവം ചെയ്യുന്നു. അവരുടെ മുഖത്തിലൂടെ അനുഭവത്തിന്റെ വാക്കുകൾ വരുന്നതിനാൽ ഹൃദയത്തിൽ പതിയുന്നു, വർണ്ണിക്കുന്നവരുടെ വാക്കുകൾ ബുദ്ധി വരെയെത്തുന്നു. അപ്പോൾ മനസ്സിലായോ ഫസ്റ്റ് സ്റ്റേജ് എന്താണ് എന്ന്. മനനം ചെയ്യുന്നവരും വിജയിയാണ് എന്നാൽ സഹജവും സദായും തമ്മിൽ വ്യത്യാസമുണ്ട്. മുഴുകിയിരിക്കുന്നവർ സദാ ബാബയുടെ ഓർമ്മയിൽ ലയിച്ചിരിക്കുന്നു. അതിനാൽ അനുഭവത്തെ വർദ്ധിപ്പിക്കൂ എന്നാൽ ആദ്യം വർണ്ണനയിൽ നിന്നും മനനത്തിലേക്ക് വരൂ. മനന ശക്തി, മുഴുകിയിരിക്കുന്ന സ്ഥിതിയെ സഹജമായി പ്രാപ്തമാക്കി തരുന്നു. മനനം ചെയ്ത് ചെയ്ത് അനുഭവം സ്വതവേ വർദ്ധിക്കും. മനനം ചെയ്യുന്നതിന്റെ അഭ്യാസം വളരെ ആവശ്യമാണ്. അതിനാൽ മനന ശക്തിയെ വർദ്ധിപ്പിക്കൂ. കേൾക്കുന്നതും കേൾപ്പിക്കുന്നതും അതി സഹജമാണ്. മനന ശക്തിയുള്ളവർ, മുഴുകിയിരിക്കുന്നർ സദാ ചെയ്യുന്നവർ കേവലം മഹിമയ്ക്ക് യോഗ്യരായി മാറുന്നു. അതിനാൽ സദാ സ്വയത്തെ മഹിമ-പൂജയ്ക്ക് യോഗ്യതയുള്ളവരാക്കി മാറ്റൂ. മനസ്സിലായോ? മൂന്ന് പേരും സേവാധാരികളാണ് എന്നാൽ സേവനത്തിന്റെ പ്രഭാവം നമ്പർവൈസാണ്. സമ്പർവൈസിലേക്ക് വരരുത്, നമ്പർവൺ ആകണം. ശരി.

സദാ സ്വയത്തെ ഡബിൾ രാജ്യ അധികാരി, ഡബിൾ കിരീടധാരി ശ്രേഷ്ഠ ആത്മാവാണെന്ന അനുഭവം ചെയ്യുന്ന, സദാ മനന ശക്തിയിലൂടെ മുഴുകിയിരിക്കുന്ന സ്ഥിതിയുടെ അനുഭവം ചെയ്യുന്ന, സദാ ബാബയ്ക്ക് സമാനം അനുഭവി, മാസ്റ്റർ സർവ്വശക്തിവാന്റെ സ്ഥിതിയുടെ അനുഭവി മൂർത്ത് ആകുന്ന, സദാ തന്റെ ശക്തിശാലി പൂജ്യനീയ സ്ഥിതിയെ പ്രാപ്തമാക്കുന്ന- അങ്ങനെയുള്ള നമ്പർവൺ, സദാ വിജയി കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

**വിദേശി സഹോദരി സഹോദരങ്ങളുടെ ഗ്രൂപ്പിനോട്-** വിദേശത്തിരുന്നും സ്വദേശം, സ്വരൂപത്തിന്റെ സ്മൃതിയിൽ സദാ ഇരിക്കുന്നവരാണോ? ബാബ പരംധാമിൽ നിന്നും ഈ പഴയ അന്യ ദേശത്തിൽ പ്രവേശിച്ച് വരുന്നു, അതേപോലെ സർവ്വരും പരംധാം നിവാസി ആത്മാക്കൾ ഈ സാകാര ശരീരത്തിൽ പ്രവേശിച്ച് വിശ്വത്തിന്റെ കാര്യാർത്ഥം നിമിത്തമാണോ? നിങ്ങളും അവതരിച്ചിരിക്കുന്ന ബ്രാഹ്മണാത്മാക്കളാണ്. ശൂദ്ര ജീവിതം സമാപ്തമായി, ഇപ്പോൾ ശൂദ്ര ബ്രാഹ്മണ ആത്മാക്കളാണ്. ബ്രാഹ്മണർ ഒരിക്കലും അപവിത്രമാകില്ല. ബ്രാഹ്മണർ അർത്ഥം പവിത്രം. അപ്പോൾ ബ്രാഹ്മണരാണോ അതോ മിക്സാണോ? രണ്ട് വഞ്ചിയിൽ കാല് വയ്ക്കുന്നവരല്ലല്ലോ. ഒരു വഞ്ചിയിൽ തന്നെ രണ്ട് കാലും വയ്ക്കുന്നവരാണ്. അതിനാൽ ബ്രാഹ്മണാത്മാക്കൾ അവതരിച്ചിരിക്കുന്ന ആത്മാക്കളാണ്. ഏതെല്ലാം ആത്മാക്കളാണോ അവതാരമായിട്ട് വന്നിരിക്കുന്നത്, അവതാരത്തിന്റെ രൂപത്തിൽ പ്രസിദ്ധമായിട്ടുള്ളത്, അവർ എന്തിനാണ് വരുന്നത്? ശ്രേഷ്ഠമായ പരിവർത്തനത്തിന് വേണ്ടി. അതിനാൽ നിങ്ങൾ അവതാരങ്ങളുടെ കർത്തവ്യമെന്ത്? വിശ്വപരിവർത്തനം ചെയ്യുക, രാത്രിയെ ദിനമാക്കുക, നരകത്തെ സ്വർഗ്ഗമാക്കുക. ഇത്രയും വലിയ കാര്യം ചെയ്യുന്നതിന് അവതരിച്ചിരിക്കുന്നു അർത്ഥം ബ്രാഹ്മണനായി. ഈ കർത്തവ്യം ഓർമ്മയുണ്ടോ? ലൗകീക സേവനവും എന്തിന് ചെയ്യുന്നു? സമ്പാദ്യം എന്തിന്? സെന്റർ ആരംഭിക്കാനാണൊ അതോ ലൗകീക പരിവാരത്തിന് വേണ്ടിയാണോ? സമ്പാദിക്കുന്നതും ഈശ്വരീയ കാര്യത്തിന് വേണ്ടിയാണ് എന്ന ലക്ഷ്യമുണ്ടെങ്കിൽ, ലൗകീക കാര്യം ചെയ്യുമ്പോഴും സേവനം തന്നെയല്ലേ ഓർമ്മ വരുന്നത്? ആരുടെ നിർദ്ദേശത്തോടെ

യാണ് ചെയ്യുന്നത്? ബാബയുടെ ശ്രീമത്തനുസരിച്ചാണ് ചെയ്യുന്നതെങ്കിൽ ആരുടെ ശ്രീമത്താണൊ അവരുടെ ഓർമ്മ വരില്ലേ? അതിനാൽ ബാപ്ദാദ പറയുന്നു ലൗകീക കാര്യം ചെയ്യുമ്പോഴും സദാ സ്വയത്തെ ട്രസ്റ്റിയാണെന്ന് മനസ്സിലാക്കൂ. ട്രസ്റ്റിയുമാകണം, അവകാശിയുമാകണം. എവിടെ വസിച്ചാലും മനസ്സ് കൊണ്ട് സമർപ്പിതമാണെങ്കിൽ അവകാശിയാണ്. അവകാശിയുടെ അർത്ഥം മധുബനിൽ വന്ന് വസിക്കണം എന്നല്ല, സേവനത്തിന്റെ സ്ഥാനത്തിരുന്നും മനസ്സിൽ എന്റെ എന്ന ഭാവമില്ലായെങ്കിൽ അർത്ഥം സമർപ്പിതമാണെങ്കിൽ അവകാശിയാണ്. അപ്പോൾ സമർപ്പിതമാണോ അതോ ഇപ്പോൾ കർമ്മബന്ധനത്തിനടിമയാണോ? മനസ്സ് കൊണ്ട് സമർപ്പിതരാണെങ്കിൽ സമർപ്പിതമായ ആത്മാവിന് ബന്ധനമായി തോന്നില്ല കാരണം സമർപ്പിതമായി അർത്ഥം സർവ്വ ബന്ധനങ്ങളെയും സമർപ്പണമാക്കി. മനസ്സിനെ ഏതെങ്കിലും ബന്ധനം ആകർഷിക്കുന്നുവെങ്കിൽ മനസ്സിലാക്കൂ ബന്ധനമാണ്. എന്നാൽ വരുന്നു-പോകുന്നുവെങ്കിൽ ബന്ധനമല്ല. അതിനാൽ ഞാൻ അവതാരമാണ്, മുകളിൽ നിന്നും വന്നിരിക്കുന്നു- ഇത് സദാ സ്മൃതിയിൽ വയ്ക്കൂ. അവതരിച്ച ആത്മാക്കൾ ഒരിക്കലും ശരീരത്തിന്റെ കർമ്മ കണക്കിന്റെ ബന്ധനത്തിൽ വരില്ല, വിദേഹിയായി കാര്യം ചെയ്യും. ശരീരത്തെ ആധാരമാക്കിയെടുക്കുന്നു, എന്നാൽ ശരീരത്തിന്റെ ബന്ധനത്തിൽ ബന്ധിക്കപ്പെടില്ല. അപ്പോൾ അങ്ങനെയായോ? സദാ സ്വയത്തെ ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും വേർപ്പെടുത്തുന്നതിന് അവതാരമാണെന്ന് മനസ്സിലാക്കൂ. ഈ വിധിയിലൂടെ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കൂ എങ്കിൽ സദാ ബന്ധനമുക്തരും നിർമ്മോഹിയും, സദാ ബാബയ്ക്ക് പ്രിയപ്പെട്ടവരുമായി മാറും.

## വരദാനം- തന്റെ വിജയം അഥവാ സഫലതയെ നിശ്ചിതമാണെന്ന് മനസ്സിലാക്കി സദാ നിശ്ചിന്തരായിരിക്കുന്ന നിശ്ചയ ബുദ്ധിയായി ഭവിക്കട്ടെ.

സദാ ബാബയിൽ, സ്വയം തന്റെ പാർട്ടിൽ, ഡ്രാമയുടെ ഓരോ നിമിഷത്തിലെ പാർട്ടിലും 100 ശതമാനം നിശ്ചയ ബുദ്ധിയായിട്ടുള്ള കുട്ടികൾക്ക് വിജയം അഥവാ സഫലത നിശ്ചിതമാണ്. വിജയം നിശ്ചിതമായതിനാൽ അവർ സദാ നിശ്ചിന്തമായിരിക്കും. അവരുടെ മുഖത്തിൽ ചിന്തയുടെ യാതൊരു രേഖയും കാണപ്പെടില്ല. ഈ കാര്യം അഥവാ ഈ സങ്കല്പം തീർച്ചയായും നടക്കും എന്ന നിശ്ചയം അവർക്ക് സദാ ഉണ്ടായിരിക്കും. അവർക്ക് ഒരിക്കലും ഒരു കാര്യത്തിലും ചോദ്യം ഉണ്ടാകില്ല.

## സ്ലോഗൻ- കേൾക്കുന്നതിലും കേൾപ്പിക്കുന്നതിലും ഭാവനയെയും ഭാവത്തെയും പരിവർത്തനപ്പെടുത്തുക തന്നെയാണ് അന്തരീക്ഷത്തെ മോശമാക്കുക.